# SUMMATIVE ASSESSMENT - I
## SEPTEMBER 2015
## GRADE X

*Subj:* **MALAYALAM** — *Max Marks : 90*
*Time: 3 Hrs.*

*The question paper is divided into four sections:*

- *Section A-Reading Comprehension - 10 marks*
- *Section B-Writing - 14 marks*
- *Section C – Grammar - 18 marks*
- *Section D – Literature - 48 marks*

**'എ' വിഭാഗം**

**I . താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ അവകാശസ്ഥാപനത്തിനു വേണ്ടിയുള്ള സമരത്തിനാണ് ഗാന്ധിജി ആദ്യമായി സത്യാഗ്രഹം ഒരുപാധിയായി പ്രയോഗിക്കുന്നത്. ആ സമരപരിപാടി കുറെ മുമ്പോട്ടു പോയപ്പോൾ മാത്രമാണ് അതുവരെ സമ്പാദിച്ചിരുന്ന മാനസിക ശിക്ഷണത്തിന്റെ അപര്യാപ്തത അദ്ദേഹത്തിനു ബോദ്ധ്യമായത്. ആത്മശുദ്ധീകരണത്തിലൂടെയും ബ്രഹ്മചര്യത്തിലൂടെയും ആത്മസാക്ഷാത്കാരം നേടുന്നവനു മാത്രമേ യഥാർഥ സത്യാഗ്രഹിയാകാൻ കഴിയൂ എന്ന് ഗാന്ധിജി മനസ്സിലാക്കി. ആത്മസാക്ഷാത്കാരം നേടാൻ ഗാന്ധിജി കഠിനമായ പരീക്ഷണങ്ങളെയാണ് നേരിട്ടത്. ഉപവാസം, ആഹാരനിയന്ത്രണം തുടങ്ങിയവ ഗാന്ധിജി അനുഷ്ഠിച്ച കഠിനമായ ചര്യകളിൽ ചിലതുമാത്രമാണ്. പൗരാണിക കാലത്തെ ഋഷിമാർ മനന ധ്യാനങ്ങൾകൊണ്ടാണ് ആത്മസാക്ഷാത്കാരം നേടിയത്. പക്ഷെ മഹാത്മജി അതുകൊണ്ടു തൃപ്തനല്ല. രാഷ്ട്രീയമടക്കമുള്ള എല്ലാ പൊതു പ്രവർത്തനങ്ങൾക്കുമായി തന്റെ ജീവിതം സർവാത്മനാ സമർപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. ആ ആത്മസമർപ്പണത്തിലൂടെയാണ് ഗാന്ധിജി ആനന്ദവും മോക്ഷവും കൈവരിച്ചത്.

**ചോദ്യങ്ങൾ**

1. മാനസിക ശിക്ഷണത്തിന്റെ അപര്യാപ്തത ഗാന്ധിജിക്ക് ബോദ്ധ്യമായതെപ്പോൾ? 2
2. ആത്മസാക്ഷാത്കാരം നേടാൻ ഗാന്ധിജി ചെയ്തതെന്തെല്ലാം? 2
3. യഥാർഥ സത്യാഗ്രഹിയാകാൻ കഴിയുന്നതാർക്കാണ്? 2
4. ആത്മസാക്ഷാത്ക്കാരത്തിലൂടെ ഗാന്ധിജി കൈവരിച്ചതെന്തെല്ലാം? 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക 2

## 'ബി' വിഭാഗം

**II.1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു ഒരു ഖണ്ഡിക എഴുതുക.** 7

(1) ഭീകരവാദം
(2) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
(3) മദ്യവും മയക്കുമരുന്നും

**2) റോഡപകടങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യപ്പെട്ടുകൊണ്ടു ഗതാഗതവകുപ്പുമന്ത്രിക്ക് ഒരു കത്തു തയ്യാറാക്കുക.** 7

## 'സി' വിഭാഗം

**III.(a) 1. പ്രയോഗം മാറ്റുക** 1

ചിലർ അവന്റെ പ്രവൃത്തിയെ മാനിച്ചു.

**2. അർഥ വ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** 1

യുവാവ് സംഗീതം അഭ്യസിച്ചിരുന്നു.

**3. തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക** 1

ഏതു ഭഗവദ്വചനാമൃതത്താലും പരിഹരിക്കപ്പെടാവുന്നവയല്ല ജീവിതമേൽപ്പിക്കുന്ന യാതനകൾ എന്ന പരമാർഥസത്യത്തെ അദ്ദേഹം ഇവിടെ ഉദാഹരിക്കുന്നു.

**4. അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക** 1

ഭാര്യ പറഞ്ഞത് കേട്ടിരുന്നെങ്കിൽ അറുമുഖത്തിന് റോഡരികിൽ കിടന്നുറങ്ങേണ്ടി വരുമായിരുന്നില്ല

**(b) 1. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** 2

1) പെറ്റമ്മ
2) മിത്രങ്ങൾ

**2. വിഗ്രഹിച്ച് സമാസം നിർണയിക്കുക** 2

1) ചേലത്തുമ്പ്
2) പാടവഹീന

**3. ശരിയായ പര്യായപദങ്ങളേത്?** 2

**1) തേൻ**

(a) മധു (b) സുധ (c) ക്ഷീരം (d) മകരന്ദം

**2) അമ്പ്**

(a) ബാണം (b) കൃപാണം (c) ശരം (d) വിശിഖം

**4. ശരിയായ നാനാർഥപദങ്ങളേവ?** 2

**1) ഗതി**

(a) ആശ്രയം (b) ഉത്സവം (c) ചലനം (d) തൊഴിൽ

**2) വക്ത്രം**

(a) ചുണ്ട് (b) വായ് (c) മുഖം (d) ശിരസ്സ്

**5. ശരിയായ വിപരീതപദമേത്?** 2

**1) ഭൂഷണം**

(a) വിഭൂഷണം (b) അഭൂഷണം (c) ദൂഷണം (d) ദോഷം

2) ശ്രമം

(a) പരിശ്രമം (b) വിശ്രമം (c) പരാജയം (d) അശ്രമം

6. ശരിയായ അർഥവ്യത്യാസമെഴുതുക 2

1) ശാസ്ത്രം - ശസ്ത്രം

(a) ആയുധം (b) അവയവം (c) സാമൂഹ്യം (d) സയൻസ്

2) മിച്ചം - മെച്ചം

(a) കുറവ് (b) ബാക്കി (c) ശ്രേഷ്ഠം (d) ഗുണം

7. എതിർലിംഗമെഴുതുക 2

1) കർത്താവ്

(a) കർത്തൻ (b) കർത്താവിനി (c) കർത്രി (d) കർത്താവനി

2) നിസ്സഹായൻ

(a) നിസ്സഹായി (b) സഹായകൻ (c) നിസ്സഹായിനി (d) നിസ്സഹായ

## 'ഡി' വിഭാഗം

IV.(i) ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (8 x ½) 4

1) പാണ്ഡവർ വൽക്കലധാരികളായി പുറപ്പെട്ടതെന്തിന്?

(a) അശ്വമേധത്തിന് (b) ഖാണ്ഡവദാഹത്തിന് (c) മഹാപ്രസ്ഥാനത്തിന്

(d) കുരുക്ഷേത്രയുദ്ധത്തിന്

2) യുവാവ് അറുമുഖത്തിൻെറ ഭാര്യയോട് എന്തിനെക്കുറിച്ചാണ് സംസാരിച്ചത്

(a) ജോലി (b) ഭക്ഷണം (c) പുതപ്പ് (d) സംഗീതം

3) യാത്രാമൊഴി എന്ന കവിത എഴുതിയതാര്?

(a) വ്യാസൻ (b) കുമാരനാശാൻ (c) മാധവിക്കുട്ടി (d) ഉള്ളൂർ

4) അർജുനവിഷാദയോഗം എന്ന പാഠഭാഗം ഏതു കൃതിയിൽ നിന്നെടുത്തതാണ്

(a) മഹാഭാരതം (b) ഭഗവത്ഗീത (c) രാമായണം (d) ഭാരതപര്യടനം

5) സുരഥൻ ആരുടെ പുത്രനാണ്?

(a) അർജുനൻെറ (b) ജയദ്രഥൻെറ (c) അഭിമന്യുവിൻെറ (d) യുധിഷ്ഠിരൻെറ

6) സൂര്യനോട് യാത്രപറയുന്ന സീത ആരെയാണ് സ്മരിക്കുന്നത്

(a) ദശരഥൻ (b) ജനകൻ (c) ചന്ദ്രൻ (d) ഗുരുക്കന്മാർ.

7) വള്ളത്തോൾ എഴുതിയ കൃതിയേത്

(a) സാഹിത്യമഞ്ജരി (b) വീണപൂവ് (c) ഉപനിഷത്ത്

(d) ഉതുപ്പാൻെറ കിണർ

8) "കടലിൻെറ വക്കത്തൊരുവീട്" എന്ന കഥയിലെ സ്ത്രീ സങ്കടപ്പെട്ടിരുന്നത് എന്തിനുവേണ്ടിയാണ്?

(a) സ്വർണം (b) പുതപ്പ് (c) വീട് (d) ഭക്ഷണം

**(ii)** 1) ഭാരതയുദ്ധകഥയിലെ രോമഹർഷണമായ സന്ദർഭങ്ങളിലൊന്ന് ഏതാണ്? 4

2) "ഒരുകൽത്തൊട്ടിയുണ്ടാക്കണം. പശുക്കളും വെള്ളം കുടിക്കട്ടെ"– ഉതുപ്പാൻെറ ഏതു സ്വഭാവ വിശേഷതയാണ് ഇവിടെ പ്രകടമാകുന്നത്? 4

3) ഇന്നത്തെ കാലത്ത് ജോലി ലഭിക്കാനുള്ള പ്രയാസത്തിന് എന്തെല്ലാം കാരണങ്ങളാണ് യുവാവ് ചൂണ്ടിക്കാണിക്കുന്നത്? 4

4) "ഗീതോപദേശങ്ങളുടെ പരാജയസ്ഥാനമാണിത്. അതുപോലെതന്നെ ഗീതാകർത്താവിൻെറ വിജയസ്ഥാനവുമാണ്." ആശയം വ്യക്തമാക്കുക. 4

**(iii)** (1) താനെത്തിച്ചേരാൻ പോകുന്ന ലോകത്തെക്കുറിച്ച് എന്തെല്ലാം സങ്കൽപങ്ങളാണ് സീതയ്ക്കുള്ളത്? 4

(2) മാതൃഭാഷയുടെ പ്രാധാന്യത്തെ കവി എങ്ങനെയാണ് വ്യക്തമാക്കുന്നത്? 4

(3) യാത്രാമൊഴി എന്ന കവിതയിൽ സ്ത്രീസ്വാതന്ത്ര്യത്തിൻെറ എന്തെല്ലാം സൂചനകളാണ് കവി നൽകുന്നത്? 4

(4) ചിത്തത്താരിൽ പതിയുന്ന സ്വഭാഷയിലേയും അന്യഭാഷയിലേയും ജലകണങ്ങൾക്ക് എന്തു സംഭവിക്കുന്നു എന്നാണ് കവി പറയുന്നത്? 4

**(iv) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (6 X 2) 12

1. അപ്പു എത്തിച്ചേർന്ന ദ്വീപിൻെറയും ദ്വീപുനിവാസികളുടേയും പ്രത്യേകതകളെന്ത് ?
2. അപ്പു എങ്ങനെയാണ് അടുത്ത മുത്താമയാകാൻ തെരഞ്ഞെടുക്കപ്പെട്ടത്?
3. അപ്പു എങ്ങനെയാണ് ഒറ്റപ്പെട്ട ദ്വീപിൽ അകപ്പെട്ടത്?

---